പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2834 13.7.2015 ൽ മറുപടിയ്ക്ക്

## ഇടുക്കി ജില്ലയിൽ ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീ.കെ.കെ.ജയചന്ദ്രൻ

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ഇടുക്കി ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടി 2015 ലൂടെ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; | എ) ജനസമ്പർക്ക പരിപാടി കരുതൽ 2015 ലെ ഡാറ്റാ എൻട്രി പൂർത്തിയായിട്ടില്ല. ഓൺലൈനായി അപേക്ഷിച്ച 12809 അപേക്ഷകർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) അനുവദിച്ചതിൽ ഏറ്റവും ഉയർന്ന തുകയും കുറഞ്ഞ തുകയും എത്രയാണ്; | ബി) ഏറ്റവും ഉയർന്ന തുക ഒരു ലക്ഷം രൂപയും ഏറ്റവും കുറഞ്ഞ തുക ആയിരം രൂപയുമാണ്. |
| സി) അക്ഷയ മുഖാന്തിരം അപേക്ഷിച്ചവർക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | സി) അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കും ബാങ്ക് അക്കൗണ്ട് ആധാർ കാർഡുമായി ലിങ്ക് ചെയ്യാത്തവർക്കും ഒഴികെ ബാക്കിയെല്ലാവർക്കും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) ചികിത്സയ്ക്കായി അനുവദിച്ച ധനസഹായം വൈകാനിടയാകുന്ന സാഹചര്യം വിശദീകരിക്കാമോ; | ഡി) അപേക്ഷകർ ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ടോ ബാങ്ക് അക്കൗണ്ട് ആധാർ കാർഡുമായി ലിങ്ക് ചെയ്യാത്തതുകൊണ്ടോ ആണ് ധനസഹായം ലഭിക്കാൻ താമസം നേരിടുന്നത്. |
| ഇ) ഫണ്ടിന്റെ ദൗർലഭ്യമാണ് കാരണമെങ്കിൽ തിടുക്കത്തിൽ ജനസമ്പർക്ക പരിപാടി നടത്താൻ പ്രേരിപ്പിച്ച ഘടകങ്ങൾ വിശദീകരിക്കാമോ; | ഇ) ഫണ്ടിന്റെ ദൗർലഭ്യമല്ല. |
| എഫ്) ചികിത്സാ സഹായം അനുവദിക്കപ്പെട്ട എല്ലാ പേർക്കും ധനസഹായം എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയും? | എഫ്) ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എത്രയും വേഗം ധനസഹായം കൊടുത്തുതീർക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ